പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 447

03.03.2020 ലെ മറുപടിയ്ക്ക്

## കോർട്ട് ഫീ സ്റ്റാമ്പുകളുടെ ക്ഷാമം

ചോദ്യം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഉത്തരം

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ട്രഷറികളിൽ രണ്ടു രൂപ, അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പുകൾ കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും കോർട്ട് ഫീ സ്റ്റാമ്പുകൾക്കു ക്ഷാമമുണ്ടോ; | അഞ്ച് രൂപ കോർട്ട് ഫീ സ്റ്റാമ്പിന് വിവിധ ജില്ലകളിൽ സ്റ്റോക്ക് പരിമിതമാണ്. എന്നാൽ മറ്റു ഡിനോമിനേഷനിലുള്ള കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് ക്ഷാമമില്ല. രണ്ട് രൂപ കോർട്ട് ഫീ സ്റ്റാമ്പ് ആവശ്യാനുസരണം സ്റ്റോക്ക് ഉള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികളിൽ എത്തിച്ച് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | രണ്ട് രൂപ, അഞ്ച് രൂപ സ്റ്റാമ്പ് ട്രഷറികളിൽ നിന്ന് കിട്ടാതായതോടെ അപേക്ഷയിൽ നിരത്തി സ്റ്റാമ്പൊട്ടിച്ചു നൽകേണ്ട അവസ്ഥയ്ക്ക് എപ്പോൾ മാറ്റം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | റവന്യൂ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ട്രഷറിയിൽ വിതരണത്തിന് ലഭിക്കുന്നത്. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് നിലവിൽ സ്റ്റോക്കില്ല. മുദ്രപത്രങ്ങളും സ്റ്റാമ്പുകളും നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിക്കുന്നതിനുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**